പതിമൂന്നാം കേരളനിയമസഭ

പതിനാലാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ.136 02.07.2015-ൽ മറുപടിക്ക്.

## ഉല്പാദനമേഖലയുടെ ഉന്നമനത്തിനു നടപടി

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ. എ. എം. ആരീഫ്<br>ശ്രീ. ബാബു എം. പാലിശ്ശേരി | | ഡോ.എം.കെ.മുനീർ<br>(പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി) | |
| (എ) | തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ പദ്ധതി ആസൂത്രണത്തിൽ ഉല്പാദനമേഖലയ്ക്ക് മതിയായ പ്രാധാന്യം നൽകാതെയുള്ള മാർഗ്ഗനിർദ്ദേശവും ഈ മേഖലയ്ക്ക് അനുവദിച്ച തുക തന്നെ ചെലവാക്കപ്പെടാത്തതുമായ സ്ഥിതി വിശേഷവും ഗ്രാമീണ മേഖലയെ ഏതു തരത്തിൽ ബാധിച്ചിട്ടുണ്ടെന്ന് വിലയിരുത്തിയിട്ടുണ്ടോ; | (എ) | ഉല്പാദന മേഖലയ്ക്ക് പദ്ധതി വിഹിതത്തിൽ നിന്നും തുക വകയിരുത്തുന്നതിന് കൂടിയ പരിധിയോ കുറഞ്ഞ പരിധിയോ നിശ്ചയിച്ചിട്ടില്ല. അനിവാര്യ വകയിരുത്തലുകൾക്ക് ശേഷം ആകെയുള്ള അടങ്കൽ തുകയുടെ എത്ര തുക വേണമെങ്കിലും ഉല്പാദന മേഖലയിൽ ചെലവഴിക്കാനുള്ള സ്വാതന്ത്ര്യം തദ്ദേശസ്ഥാപനങ്ങൾക്ക് 12-ാം പഞ്ചവൽസര പദ്ധതി മാർഗ്ഗരേഖയിൽ നിലനിർത്തിയിട്ടുണ്ട്. |
| (ബി) | ഉല്പാദനമേഖലയുടെ തളർച്ച ഗ്രാമങ്ങളിലെ വരുമാനത്തെയും തദ്ദ്വാര വാങ്ങൽ ശേഷിയേയും തളർത്താൻ ഇട നൽകിയെന്ന കാര്യം സർക്കാരിനറിയാമോ; | (ബി) | ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| (സി) | ഗ്രാമങ്ങളെ സ്വയം പര്യാപ്തമാക്കുന്നതിന് പകരം ഉല്പാദനോപാധിയായ കൃഷി ഭൂമി കച്ചവടവൽക്കരിക്കുന്ന നിലയിലേക്ക് എത്തിച്ച ഈ പരിഷ്ക്കാരം മാറ്റാൻ തയ്യാറാകുമോ; | (സി) | നിലവിലെ വ്യവസ്ഥകൾ കൃഷിയെ പ്രോത്സാഹിപ്പിക്കുന്ന വിധത്തിലാണ്. |
| (ഡി) | ഉല്പാദനവും ഉല്പാദനക്ഷമതയും തൊഴിലവസരവും വരുമാനവും വർദ്ധിപ്പിച്ച് ദാരിദ്ര്യം നിർമ്മാർജ്ജനം ചെയ്യുക എന്ന തദ്ദേശസ്ഥാപനങ്ങളുടെ സുപ്രധാന ദൗത്യം അട്ടിമറിക്കപ്പെടാതെ നോക്കാൻ വേണ്ട നടപടികൾ സ്വീകരിക്കുമോ? | (ഡി) | ഉല്പാദനവും ഉല്പാദന ക്ഷമതയും തൊഴിലവസരവും വരുമാനവും വർദ്ധിപ്പിച്ച് ദാരിദ്ര്യം നിർമ്മാർജ്ജനം ചെയ്യുക എന്ന തദ്ദേശസ്ഥാപനങ്ങളുടെ സുപ്രധാന ദൗത്യം പാലിക്കപ്പെടുന്നു എന്ന് ഉറപ്പുവരുത്താൻ ആവശ്യമായ എല്ലാ നടപടികളും സ്വീകരിക്കുന്നുണ്ട്. |

സെക്ഷൻ ഓഫീസർ